HON'BLE MR. C. KESAVAN : (*a*) Yes.

(*b*) Representatives of Labour, Employers and Government are proposed to be invited.

(*c*) Government consider that the accredited representatives of Labour Organisations are the best persons to represent labour interests. The first part of this question, therefore, does not arise.

(*d*) & (*e*) Do not arise in view of the answer to (c).

തുരുത്തിക്കാട്ട് പാടം

498. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: ഇറിഗേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലാതാലൂക്കിൽ തുരുത്തിക്കാട്ടുപാടത്തു മണൽകയറി കൃഷി നശിക്കുന്നതിന് പരിഹാരം ഉണ്ടാക്കണമെന്ന തദ്ദേശവാസികൾ നിവേദനങ്ങൾ നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും ഇറിഗേഷൻവേല അവിടെ നടത്തിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : (എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി) എ-യുടെ ഉത്തരം നോക്കിയാൽ (ബി) ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി.

499. MR. KUMARAN ASARI (*Meenachil I—Kammala Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിക്ക് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക്ക് പൗവ്വർ ഹൗസിൽ എത്ര ജനറേറ്റിംഗ് സെറ്റുകൾ ഉണ്ടെന്നും അതിൽ എത്ര എണ്ണം ഉപയോഗത്തിൽ ഇരിക്കുന്നു എന്നും അതിന്റെ ഓരോന്നിന്റെയും കപ്പാസിറ്റി എത്രയെന്നും, ഓരോന്നും ഉൽപാദിപ്പിക്കുന്ന ഇലക്ട്രിസിറ്റി എത്രയെന്നും പറയുന്നതിന് ഭയമുണ്ടാകുമോ?

(ബി) പള്ളിവാസലിൽ നിന്നും ആകെ ഉൽപാദിപ്പിക്കുന്ന ഇലക്ട്രിസിറ്റിയിൽനിന്നും എത്ര ശതമാനം തിരുവിതാംകൂറിൽ നൽകുന്നെന്നും, എത്ര ശതമാനം കൊച്ചീരാജ്യത്തു നൽകുന്നെന്നും സദയം മറുപടി പറയുമോ?

(സി) തിരുവിതാംകൂറിൽ വിതരണംചെയ്യുന്ന ഇലക്ട്രിസിറ്റിയിൽ എത്രശതമാനം അലുമിനിയം ഫാക്ടറിക്കും, ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനും, കണ്ണൻദേവൻ കമ്പനിക്കും കൊടുക്കുന്നുണ്ടെന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly